പട്ടികജാതി വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിലെയും ഡ്രൈവിംഗ് പരിശീലനത്തിലെയും ക്രമക്കേടുകൾ

135 [1114] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നാക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിലും ഡ്രൈവിംഗ് പരിശീലനത്തിലും പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന സൗകര്യമേർപ്പെടുത്തിയതിലെ ക്രമക്കേടുകളെ സംബന്ധിച്ചു നടത്തിയ അന്വേഷണം പൂർത്തിയായോ;

(ബി) എങ്കിൽ അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾ വിശദമാക്കാമോ;

(സി) അന്വേഷണത്തിന്റെ ഭാഗമായി ആരുടെയെങ്കിലും പേരിൽ നടപടി എടുത്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) വകുപ്പുതല അന്വേഷണം പൂർത്തിയായി. കമ്പ്യൂട്ടർ പരിശീലനം സംബന്ധിച്ച് വിശദമായ അന്വേഷണം ആവശ്യമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് വിജിലൻസ് അന്വേഷണത്തിന് ഉത്തരവാകുകയും അവരുടെ അന്വേഷണം നടന്നു വരികയുമാണ്.

ഡ്രൈവിംഗ് പരിശീലനം സംബന്ധിച്ച് കൂടുതൽ അന്വേഷണം ധനകാര്യ വകുപ്പിലെ ഇൻസ്പെക്ഷൻ വിംഗ് നടത്തിവരികയാണ്.

(ബി) സർക്കാർ അംഗീകാരം വാങ്ങാതെയാണ് പദ്ധതികൾ നടപ്പിലാക്കിയതെന്ന് കണ്ടെത്തിയതിനോടൊപ്പം വകുപ്പുതല അന്വേഷണത്തിൽ ഇനി പറയുന്ന ക്രമക്കേടുകൾ കൂടി കണ്ടെത്തി:

1. ഡയറക്ടർ തന്നിൽ നിക്ഷിപ്തമായ അധികാര പരിധി ലംഘിച്ചു.

2. സ്ഥാപനങ്ങൾക്ക് തെരഞ്ഞെടുത്തതിലും സ്ഥാപനങ്ങൾക്ക് ഫീസ് നൽകിയതിലും യാതൊരു മാനദണ്ഡവും പാലിച്ചില്ല.

3. ഫലപ്രദമല്ലാത്ത പദ്ധതികൾക്ക് തുടർ അനുമതി നൽകിയപ്പോൾ സർക്കാരിൽ നിന്നും അനുവാദം വാങ്ങിയിട്ടില്ല.

4. ഡയറക്ടറുടെ അധികാര പരിധി വിട്ട്, സാമ്പത്തിക അച്ചടക്കം ലംഘിച്ചു.

5. പ്രത്യേക ഘടക പദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്രസഹായ പദ്ധതിയുടെ ഫണ്ട് വിനിയോഗിച്ചതിൽ കേന്ദ്ര സർക്കാരിന്റെ അനുബന്ധ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

ഡ്രൈവിംഗ് പരിശീലനത്തിൽ വകുപ്പുതല അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾ താഴെ കൊടുക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

പരിശീലനത്തിന് ഡ്രൈവിംഗ് സ്ക്കൂളുകളെ തെരഞ്ഞെടുത്തതിലും ആനുകൂല്യങ്ങൾ നൽകിയതിലും മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല. ഓരോ സ്ഥാപനത്തിനും വ്യത്യസ്ത നിരക്കിലാണ് ആനുകൂല്യം നൽകിയത്. അതേപോലെ വ്യത്യസ്ത നിരക്കിലാണ് വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യവും നൽകിയത്. സർക്കാരിന്റെ അനുമതിയില്ലാതെ പ്രത്യേക ഘടക പദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായ പദ്ധതി പ്രകാരമുള്ള ഫണ്ടിൽ നിന്ന് ഡ്രൈവിംഗ് പരിശീലനത്തിന് തുക ചെലവഴിച്ചു.

(സി) ബന്ധപ്പെട്ട വകുപ്പ് ഡയറക്ടറേയും ഫൈനാൻസ് ഓഫീസറേയും തൽസ്ഥാനങ്ങളിൽ നിന്ന് മാറ്റിയിട്ടുണ്ട്. ഇവർക്കെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കാൻ പൊതുഭരണ വകുപ്പിനോടും ധനവകുപ്പിനോടും ആവശ്യപ്പെട്ടിട്ടുണ്ട്.

സ്വാശ്രയ കോഴ്സുകളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി

136 [1115] **ശ്രീ. കെ. രാധാകൃഷ്ണൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികൾ നടത്തുന്ന സ്വാശ്രയ കോഴ്സുകളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഈ വിദ്യാർത്ഥികൾക്ക് എത്രയും വേഗം അർഹമായ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) എൻട്രൻസ് കമ്മീഷണറുടെ പരിധിയിൽ വരുന്ന സ്വാശ്രയ സ്ഥാപനങ്ങളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ച് പഠിച്ചു കൊണ്ടിരിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചു നൽകുവാൻ സ.ഉ. (കൈ) നം: 28/04/പജാ.പവ.വിവ പ്രകാരം ഉത്തരവിറക്കിയിരുന്നു. എൻട്രൻസ് കമ്മീഷണറുടെ പരിധിയിൽ വരാത്ത വിവിധ യൂണിവേഴ്സിറ്റികൾ നടത്തുന്ന സ്വാശ്രയ കോഴ്സുകളിൽ ചേർന്നു പഠിക്കുന്ന വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകാൻ 15-4-2004-ലെ ഉത്തരവ് പര്യാപ്തമല്ലായിരുന്നു. ഈ സാഹചര്യത്തിൽ ക്യാബിനറ്റ് നിയോഗിച്ച മന്ത്രിസഭാ ഉപസമിതി ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉപസമിതിയുടെ ശുപാർശ പ്രകാരം സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിൽ നിലവിൽ പഠിച്ചുകൊണ്ടിരിക്കുന്ന മുഴുവൻ പട്ടികജാതി/പട്ടിക വർഗ്ഗ/മറ്റർഹ വിദ്യാർത്ഥികൾക്ക് തങ്ങളുടെ കോഴ്സ് തീരുന്നതുവരെ വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകാൻ 2-6-2004-ൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു. ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly